**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3774** — **06-08-2021 - ൽ മറുപടിയ്ക്ക്**

**തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ആലുവ നിയോജകമണ്ഡലത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള വിജ്ഞാൻവാടിയുടെ പ്രവർത്തനം മതിയായ കമ്പ്യൂട്ടറുകളുടെയും പ്രിന്ററുകളുടെയും അനുബന്ധ സാധനങ്ങളുടെയും അഭാവത്തിൽ തടസ്സപ്പെട്ടിരിക്കുന്നത് ബന്ധപ്പെട്ട ഓഫീസർമാരെ അറിയിച്ചിട്ടും പ്രശ്നപരിഹാരം കാണാത്തത് സംബന്ധിച്ച് പരിശോധന നടത്തി വിജ്ഞാൻവാടിയുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇൻറർനെറ്റ് കണക്ഷൻ ഉള്ള കമ്പ്യൂട്ടറുകളും പ്രിന്ററുകളും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കി വിജ്ഞാൻവാടിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കുട്ടികൾക്ക് ഓൺലൈൻ ക്ലാസ് സൗകര്യം ഒരുക്കുന്നതിനായി പ്രസ്തുത വിജ്ഞാൻവാടിയിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ വിജ്ഞാൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇൻറർനെറ്റ് കണക്ഷൻ ഉള്ള കമ്പ്യൂട്ടറുകളും പ്രിന്ററുകളും മറ്റ് അനുബന്ധ സാധനങ്ങളും ലഭ്യമാക്കി വിജ്ഞാൻവാടിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. കുട്ടികൾക്ക് ഓൺലൈൻ ക്ലാസ് സൗകര്യം ഒരുക്കുന്നതിനായി പ്രസ്തുത വിജ്ഞാൻവാടിയിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിജ്ഞാൻവാടിയുടെ പ്രവർത്തനം നിലച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടും ഇത് സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് ആവശ്യമെന്ന് കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ